പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3266 — 3.4.2013 ൽ മറുപടിയ്ക്ക്

വികലാംഗരുടെ പ്രശ്നങ്ങൾ

ചോദ്യം — മറുപടി

ശ്രീ.ജോസ് തെറ്റയിൽ — ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വികലാംഗരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇവ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, അന്ധരും അസ്ഥിസംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കുള്ള ധനസഹായം, ഇന്റർവ്യൂ, എഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗർക്കുള്ള യാത്രാബത്ത, NGO നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രത്തിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ്, വികലാംഗർക്കായുള്ള സ്ഥാപനങ്ങൾക്കുള്ള PWD രജിസ്ട്രേഷൻ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ആശ്വാസ കിരണം ധനസഹായം, വികലാംഗ തിരിച്ചറിയൽ കാർഡ്, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, തൊഴിൽ പരിശീലനം നൽകൽ തുടങ്ങിയ സഹായങ്ങൾ നൽകി വരുന്നു. കൂടാതെ പി.എസ്.സി മുഖേനയുള്ള നിയമനങ്ങളിൽ വികലാംഗർക്ക് 3% സംവരണവും അനുവദിച്ചിട്ടുണ്ട്. |
| (സി) വികലാംഗർ അംഗങ്ങളായ കുടുംബങ്ങൾക്ക് ബി.പി.എൽ കാർഡ് അനുവദിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; | (സി) ഉണ്ട്. സ.ഉ(കൈ)നം.112/2012/ത.സ്വ.ഭ.വ തീയതി 27.4.2012 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) എങ്കിൽ ഇതു ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതിലെ കാലതാമസത്തിനു കാരണം വ്യക്തമാക്കുമോ; | (ഡി) ബാധകമല്ല |
| (ഇ) വികലാംഗപെൻഷൻ ബാങ്കുകളിലൂടെ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ, അവശരും രോഗികളുമായ വികലാംഗർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇതു പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; | (ഇ) ഉണ്ട്. എന്നാൽ വൃദ്ധർ, അവശർ, വിഭിന്ന ശേഷിയുള്ളവർ എന്നിവർക്ക് താല്പര്യമുള്ള പക്ഷം നിലവിലുള്ള മണി ഓർഡർ സംവിധാനം തന്നെ തുടർന്നും ഉപയോഗിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. |
| (എഫ്) എത്ര ശതമാനം വികലാംഗത്വം ഉള്ളവർക്കാണ് പെൻഷൻ നൽകുന്നത്; | (എഫ്) ഏറ്റവും കുറഞ്ഞത് 40% വൈകല്യമുള്ളവർക്കു മുതലാണ് പെൻഷൻ നൽകുന്നത് |

| | |
|---|---|
| (ജി) വികലാംഗപെൻഷൻ കടിശ്ശികയായിട്ടുണ്ടോ; | (ജി) 2013 മാർച്ച് മാസം വരെ കടിശ്ശിക ഇല്ലാതെ പെൻഷൻ വിതരണത്തിനായി ജില്ലാ കളക്ടർമാർക്ക് തുക അനുവദിച്ച് കഴിഞ്ഞു. |
| (എച്ച്) എങ്കിൽ, ഈ തുക എത്രയെന്നും എന്നുമുതൽ നൽകുവാനുണ്ടെന്നും വ്യക്തമാക്കുമോ; ഇത് എന്നത്തേയ്ക്ക് നൽകുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (എച്ച്) ബാധകമല്ല. |
| (ഐ) നിർദ്ധന വികലാംഗ കുടുംബത്തിന് വീട് വയ്ക്കാൻ ധനസഹായം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ; ഇതിനർഹതയുള്ള കുടുംബങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത്, ധന സഹായം ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഐ) ഇല്ല |

Hizabeth

സെക്ഷൻ ഓഫീസർ